**സബ്മിഷൻ**

1. ആശ്രിത നിയമനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പിന്റെ 24.05.1999-ലെ ജി.ഒ. (പി.) നമ്പർ 12/1999 എന്ന ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കാത്തതുകാരണം, മരണമടഞ്ഞ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഈ ഉത്തരവിന്റെ വ്യവസ്ഥ 30-ൽ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ തുടങ്ങിയ തസ്തികകളിലേയ്ക്ക് ആശ്രിത നിയമനത്തിനായി മാതൃവകുപ്പിൽത്തന്നെ നിയമനത്തിന് അപേക്ഷിച്ചവർക്ക് അതത് വകുപ്പിൽത്തന്നെ നിലവിലുള്ളതോ തൊട്ടടുത്തുതന്നെ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകേണ്ടതാണ് എന്നാണ്. ആ വ്യവസ്ഥ എന്റെ കയ്യിലുണ്ട്.-

" Appointment or dependents in general category posts such as Lower Division Clerk, Lower Division Typists, Peon etc., will be made in the concerned Department itself against an existing or arising vacancy. "

ഇതാണ് P&ARD യുടെ നിബന്ധനയനുസരിച്ച് ചെയ്യേണ്ടത്. പക്ഷേ

അത് ലംഘിക്കുന്നതുകൊണ്ട് കിട്ടേണ്ട ഒഴിവുകളിൽ ഇവർക്ക് നിയമനം ലഭിക്കുന്നില്ല. ഒഴിവുകളില്ലാത്ത സാഹചര്യത്തിൽ മറ്റ് വകുപ്പുകളിലേയ്ക്ക് പരിഗണിച്ച് നിയമനം നൽകണം. നിലവിലുള്ള വ്യവസ്ഥ പ്രകാരം ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളിൽ 5% ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കണമെന്നാണുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം ഇതുവരെയുള്ള കാലയളവിൽ റാങ്ക് ലിസ്റ്റിൽനിന്നുമാത്രം നടത്തിയ നിയമനങ്ങളുടെ  കണക്കുകൾ എടുത്താൽ 1700-ഓളം ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതാണ്. ആശ്രിത നിയമനത്തിന് മാറ്റി വയ്ക്കേണ്ട ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പൊതുഭരണ വകുപ്പിന്റെ കീഴിലുള്ള Compassionate Employment (CE) Cell പരിശോധിക്കുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല. പി.എസ്.സി. മുഖാന്തിരം നിയമന ശിപാർശ നൽകപ്പെട്ട എൻട്രി തസ്തികകളുടെ നിശ്ചിത ശതമാനം ആശ്രിത നിയമനംവഴി നടത്തുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരോഗ്യവകുപ്പ് ഉൾപ്പെടെ നിരവധി വകുപ്പുകളിലെ ആശ്രിത നിയമന ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ എന്ത്

നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ പോകുന്നതെന്ന് ദയവായി വ്യക്തമാക്കണം. ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം എന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ഗൗരവമായൊരു വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999-ലെ ജി.ഒ. (പി.) നമ്പർ 12/1999/പി.&എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് ആശ്രിതന് നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എല്ലാ വകുപ്പുകളിലും ഓരോ വർഷവുമുണ്ടാകുന്ന 5% ഒഴിവുകൾ ആശ്രിത നിയമനം നടത്തുന്നതിനായി പൊതുഭരണ കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ പൊതുഭരണ വകുപ്പിൽ അതാത് വകുപ്പുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. മാതൃവകുപ്പിൽ ഒഴിവില്ലാതെ വരുമ്പോഴോ അപേക്ഷകൻ മറ്റ് വകുപ്പുകളിലെ തസ്തികയിൽ നിയമനം

ആവശ്യപ്പെടുമ്പോഴോ നിയമനം നൽകുന്നതിനാണ് ഇപ്രകാരം തസ്തികകൾ നീക്കി വയ്ക്കുന്നത്. 24.05.1999-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30-ലെ നിയമനത്തിന് പുറമേയാണ് ഇപ്രകാരം 5% നിയമനങ്ങൾ നടത്തിവന്നിരുന്നത്. ആഭ്യന്തര വകുപ്പിൽ മുൻകാലത്ത് ആശ്രിത നിയമന പദ്ധതിയിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരായ ജീവനക്കാർ അവരുടെ സർവ്വീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29.06.2018-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷവുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കി വയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചും ഈ ഉത്തരവ് ശരിവച്ചു. ബഹുമാനപ്പെട്ട കോടതികളുടെ ഉത്തരവിനെത്തുടർന്ന് മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആകെ ആശ്രിത നിയമനം ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ അഞ്ച് ശതമാനത്തിൽ നിജപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് 24.05.1999-ലെ

ഉത്തരവിലെ ഖണ്ഡിക 30-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ വിധിന്യായം പുനഃപരിശോധിക്കാൻ സംസ്ഥാന പോലീസ് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതുതസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പൊതുതസ്തികളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവർക്ക് യോഗ്യത അനുസരിച്ച് സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ അർഹമായ മറ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആശ്രിത നിയമനത്തിന്റെ ക്വാട്ട വർദ്ധിപ്പിക്കുന്നതിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എതിർപ്പുണ്ട്. ആശ്രിത നിയമനത്തിന്റെ ക്വാട്ട വർദ്ധിപ്പിക്കുന്നത് പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ തൊഴിൽ സാധ്യത കുറയ്ക്കുമെന്ന കാര്യം അവർ മുന്നോട്ട് വയ്ക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുമാത്രമേ ഈ പ്രശ്നത്തെ കാണാനാകൂ എന്നകാര്യവും ഉയർന്നുവന്നിട്ടുണ്ട്. പൊതുഭരണ കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ വകുപ്പ് അദാലത്തുകൾ നടത്തി ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങി ഒഴിവുകൾ ലഭ്യമായ മറ്റ് വകുപ്പുകളിൽ നിയമനം നടത്തുവാനുള്ള നടപടികൾ

സ്വീകരിക്കുന്നുമുണ്ട്.

## 2. കോടതി സമുച്ചയ നിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: സർ, ബഹുമാനപ്പെട്ട നീതിപീഠത്തിനോട് നീതി കാണിക്കണം എന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. പണ്ടുകാലത്ത് കച്ചേരിയെന്ന് വിളിച്ചിരുന്ന കരുനാഗപ്പള്ളി കോടതിക്ക് ഏതാണ്ട് 125 വർഷത്തോളം പഴക്കമുണ്ട്. ഒട്ടുമിക്ക സർക്കാർ ഓഫീസുകൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉദ്യോഗസ്ഥന്മാർക്കുൾപ്പെടെ താമസിക്കുവാനുമുള്ള സൗകര്യവുമുള്ളപ്പോൾ എല്ലാവരും നീതിക്കുവേണ്ടി ആശ്രയിക്കുന്ന, നീതിയും നിയമവും നടപ്പിലാക്കുന്ന ബഹുമാനപ്പെട്ട കരുനാഗപ്പള്ളി കോടതിക്ക് ഇതുവരെയും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലെന്ന് പറയുന്നത് അത്യന്തം അപമാനകരവും ദുഃഖകരവുമാണ്. കരുനാഗപ്പള്ളി സബ്കോടതിയും പോക്സോ കോടതിയും പല സ്ഥലങ്ങളിലായി ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട ഉടമകൾ പലതവണ ഇതൊഴിഞ്ഞ് പോകണം എന്നാവശ്യപ്പെട്ടുകൊണ്ട് നിയമ നടപടിക്ക് ഒരുങ്ങുകയാണെന്ന് അറിയുവാൻ കഴിഞ്ഞു. മാത്രവുമല്ല, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട

മുൻസിഫ് കോടതിയും മജിസ്ട്രേറ്റ് കോടതിയും പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഉടൻതന്നെ പൊളിച്ചുനീക്കപ്പെടും. അതോടുകൂടി ബഹുമാനപ്പെട്ട ഈ കോടതികളെല്ലാംതന്നെ വഴിയാധാരമാകാതിരിക്കാൻ, കോടതിയുടെ പ്രവർത്തനം നിന്നുപോകാതിരിക്കാൻ സർക്കാർ അടിയന്തരമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട പുതിയ MACT കോടതിയും തുടങ്ങുവാൻ ഇതുവരെയും കഴിയുന്നില്ല. 20 കിലോമീറ്റർ അകലെയാണ് ഇപ്പോൾ ഈ കേസുമായി ബന്ധപ്പെട്ട് ആളുകൾ പോകുന്നതും ആശ്രയിക്കുന്നതും. പല സ്ഥലങ്ങളിലായി വാടക കെട്ടിടങ്ങളിൽ ചിതറിക്കിടക്കുന്ന കോടതികളിൽനിന്നും കോടതികളിലേയ്ക്ക് വക്കീലൻമാരും ഉദ്യോഗസ്ഥൻമാരും കക്ഷികളും ഓടുകയാണ്. കേസുകളുടെ എണ്ണംകൊണ്ടും പാരമ്പര്യംകൊണ്ടും ശ്രദ്ധേയമായ കരുനാഗപ്പള്ളി കോടതിക്ക് സ്വന്തമായി ഒരു ഇരിപ്പിടം ആവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സർക്കാർ അടിയന്തരമായി നടപടി സ്വീകരിച്ച് എല്ലാ കോടതികളും ഒരേ കെട്ടിടത്തിൽ ആക്കത്തക്ക തരത്തിൽ കോടതി സമുച്ചയം എന്നുപറയുന്ന, കരുനാഗപ്പള്ളിക്കാരുടെ

ഏറെക്കാലത്തെ ആഗ്രഹം സഫലമാക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെത്തന്നെ നടപടികൾ ലഘൂകരിക്കുവാൻ...

(മൈക്ക് ഓഫ്)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് പെട്ടെന്ന് പരിഹരിക്കാവുന്ന ഒരു കാര്യമല്ല. കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണം ദീർഘനാളായി നടപ്പാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കോടതിയുടേയും ജുഡീഷ്യൽ ഓഫീസർമാരുടെ ക്വാർട്ടേഴ്സുകളുടെയും നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പരിമിതിയാണ് ഈ കാലതാമസത്തിന് ഇടയായിട്ടുള്ളത്. നിലവിൽ ഇതിനായി കണ്ടെത്തിയിട്ടുള്ള 60 ആർ. വിസ്തീർണ്ണം വരുന്ന ഭൂമി IHRD-യുടെ അധീനതയിലുള്ളതാണ്. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോളിടെക്നിക് കോളേജിന്റെ ക്ലാസ്സുകളും ലാബുകളും മെയിൻ ക്യാമ്പസ്സിലേയ്ക്ക് മാറ്റിയാൽ മാത്രമേ കൈമാറ്റം സാധ്യമാകുകയുള്ളൂ. അതോടൊപ്പം ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്. ഇവയുടെ നിർമ്മാണം പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിക്കുന്ന സാഹചര്യം ഉണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം കോടതി

സമുച്ചയത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## 3. അപ്രോച്ച് റോഡ് പുനർനിർമ്മാണം

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിൽ പലയിടത്തും സ്പാനുകളുടെ എണ്ണം കുറച്ചാണ് പാലം നിർമ്മിക്കുന്നത്. അവിടെ ചെളി കൂടുതലായതുകൊണ്ട് കല്ല് കൂടുതലായി വയ്ക്കുമ്പോൾ അത് താഴോട്ട് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ സ്പാനുകളുടെ എണ്ണം കൂട്ടേണ്ടത് അത്യാവശ്യമാണ്. പ്രത്യേകിച്ചും ചമ്പക്കുളം പാലം, നാളുകളായി ഒരുപാട് പ്രതിസന്ധിയിലും പ്രശ്നത്തിലുമാണ് ഈ പാലം. ഇതിനുസമീപത്തെ സെമിത്തേരിയും അവിടെയുള്ള മുഴുവൻ ശവക്കല്ലറകളും ചരിഞ്ഞുപോകുന്ന അവസ്ഥയാണ് ഇപ്പോൾ അവിടെ കാണാൻ സാധിക്കുന്നത്. ഇതുമൂലം വിശ്വാസികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അടിയന്തരമായി കുട്ടനാട്ടിലെ എല്ലാ പാലങ്ങളും വൈശ്യംഭാഗം-കഞ്ഞിപ്പാടം പാലം നിർമ്മിച്ചതുപോലെ ആധുനിക രീതിയിൽ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അതിൽ തീരുമാനമെടുക്കണമെന്ന് പ്രത്യേകമായി അപേക്ഷിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം രണ്ട് പ്രധാന വിഷയങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. പാലത്തിന്റെ അപ്രോച്ച് റോഡിൽ കല്ലുകൾ മാറ്റി സ്പാനുകൾ സ്ഥാപിച്ച് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടും കുട്ടനാട്ടിലെ മുഴുവൻ പാലങ്ങളും കൽവർട്ടുകളും ഇപ്രകാരം നിർമ്മിക്കുന്നതിന് നടപടിയെടുക്കണമെന്നുമാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുള്ള സ്ഥലം സ്ഥലമുടമകൾ സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകിയിട്ടുള്ളതാണ്. ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ളിൽനിന്നുകൊണ്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണ് പരിശോധനാ ഏജൻസി നൽകിയ റിപ്പോർട്ട് പ്രകാരം ഗ്യാബിയോൺ സംരക്ഷണ ഭിത്തിയുടെയും മണ്ണ് ഫില്ലിംഗിന്റെയും ഭാരംമൂലമാണ് ഭൂമിക്ക് ചരിവുണ്ടായത്. ഈ പ്രതിഭാസം ആദ്യവർഷങ്ങളിൽ കൂടുതലും പിന്നീടത് കുറഞ്ഞ് സന്തുലിതാവസ്ഥയിലേയ്ക്ക് എത്തുന്നതുമാണ്. അതുമൂലമാണ് പള്ളിക്ക് സമീപമുള്ള സെമിത്തേരിയും കല്ലറകളും ചരിഞ്ഞുപോയത്. ഇത് പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 25,58,040 രൂപ നഷ്ടപരിഹാരത്തുകയായി

അനുവദിച്ചിട്ടുണ്ട്. ഇതിന്റെ എൽ.ഒ.സി. പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട്ടിൽ നിലവിൽ നിർമ്മിക്കുന്ന പാലങ്ങൾ ഭൂപ്രകൃതിക്കനുസരിച്ചുള്ള ലാന്റ് സ്പാൻ നിർമ്മിതിയിൽ രൂപകൽപ്പന ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

4. ചെക്ക് ഡാം-കം-ബ്രിഡ്ജ്

ശ്രീ. എ. സി. മൊയ്തീൻ: സർ, കുന്നംകുളം, ഗുരുവായൂർ എന്നീ നിയോജകമണ്ഡലങ്ങളിലെ കാട്ടാമ്പാൽ-വടക്കേക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ഈ രണ്ട് പഞ്ചായത്തിലും ഉൾപ്പെടുന്ന പൊന്നാനി കോൾ കൃഷി മേഖലകളിലെ ജലവിതരണ സംവിധാനത്തിന് പ്രയോജനപ്പെടുന്ന കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം 2018 ഡിസംബർ മാസത്തിൽ ആരംഭിച്ചതാണ്. കരാറിലെ വ്യവസ്ഥ പ്രകാരം 05/2020-ൽ പണി പൂർത്തീകരിക്കണമെന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാനായില്ല. 31-03-2021-വരെ വീണ്ടും കാലാവധി നീട്ടിയെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. വളരെ ചെറിയ ശതമാനം നിർമ്മാണം മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. ഇക്കാര്യത്തിൽ

കരാറുകാരന്റെ ഭാഗത്തുനിന്നും വലിയ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്. പണി പൂർത്തീകരിക്കാനുള്ള നടപടികൾ അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും വകുപ്പും കാര്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ഇക്കാര്യം അടിയന്തരമായി പരിശോധിക്കാനും ഇതിന്റെ നിർമ്മാണ പ്രവർത്തനം വേഗത്തിൽ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കരിച്ചാൽകടവ് ചെക്ക്ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം 2019-ലാണ് ആരംഭിച്ചത്. ഈ പ്രവൃത്തി നടക്കുന്ന സ്ഥലം നൂറടിത്തോട് കോൾ മേഖലയായതിനാലും വെള്ളം നിറഞ്ഞ് നിൽക്കുന്നതിനാലും മാർച്ച് മാസം മുതൽ മേയ് മാസം വരെയാണ് പ്രവൃത്തികൾ നടത്താൻ സാധിക്കുന്നത്. ആദ്യ സീസണിൽതന്നെ പാലത്തിന്റെ പൈലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അടുത്ത സീസണിൽ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചെങ്കിലും കോവിഡ്-19-ന്റെ ഭാഗമായി ലോക്ഡൗൺ നിലവിൽവന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ ലഭ്യതക്കുറവ് കാരണം തുടർപണികൾ നടത്താൻ സാധിച്ചില്ല. 2021 മാർച്ച് മാസം മുതൽ

പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഫൗണ്ടേഷന്റെ ഭാഗമായ പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഷീറ്റ് പൈലുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ലോക്ഡൗൺ നിലവിലുള്ളതിനാൽ ഷീറ്റ് പൈലുകൾ ഉറപ്പിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ സൈറ്റിൽ എത്തിക്കാൻ സാധിച്ചില്ല. ഇക്കാരണങ്ങൾകൊണ്ടാണ് പ്രവൃത്തി തുടരുന്നതിന് കാലതാമസം നേരിട്ടത്. ഈ വരുന്ന സീസണിൽതന്നെ ശക്തമായ ഇടപെടലുകൾ നടത്തി, കുന്നംകുളം നിയോജകമണ്ഡലത്തിലെ കരിച്ചാൽകടവ് ചെക്ക്ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതാണ്.

5. <u>എക്കൽമണ്ണ് നീക്കം ചെയ്യൽ</u>

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, നാലുമണ്ഡലങ്ങളുമായി ബന്ധപ്പെട്ട ഒരു പുഴയാണ് തിരൂർ-പൊന്നാനി പുഴ. ഈ പുഴയുടെ ഭാഗങ്ങളിൽ എക്കൽമണ്ണ് അടിഞ്ഞുകൂടിയതിന്റെ ഭാഗമായി എല്ലാ കാലവർഷങ്ങളിലും ഈ പുഴയുടെ സമീപവാസികൾ ഒഴിഞ്ഞുപോകേണ്ട ഗതികേട് ഉണ്ടാകുന്നുണ്ട്. ആയതിനാൽ പുഴയിലെ എക്കൽമണ്ണ് മാറ്റി സുഗമമായ രീതിയിൽ വെള്ളം

ഒഴുകാൻ വേണ്ട സംവിധാനമുണ്ടാക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? ഇതുസംബന്ധിച്ച് മുൻപ് എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കേരളത്തിലെ 44 നദികളിൽപ്പെട്ട ഒരു നദിയാണ് തിരൂർപുഴ. ഈ പുഴ തിരൂർ-പൊന്നാനി പുഴയെന്നും അറിയപ്പെടുന്നുണ്ട്. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ ആതവനാട് എന്ന സ്ഥലത്തുനിന്നാണ് തിരൂർ പുഴയുടെ ഉത്ഭവം. പുഴയുടെ പ്രാരംഭ ഭാഗത്തുനിന്നും തിരുനാവായ പ്രദേശം വരെ തെക്ക്-പടിഞ്ഞാറ് ഗതിയിൽ സഞ്ചരിച്ച് പിന്നീട് വടക്ക്-പടിഞ്ഞാറ് ദിശയിൽ ഗതിമാറി സഞ്ചരിച്ച് പടിഞ്ഞാറേക്കര അഴിമുഖത്ത് ഭാരതപ്പുഴയോട് ചേർന്ന് അറബിക്കടലിൽ പതിക്കുന്നു. നദിയുടെ ആകെ നീളം 45 കിലോമീറ്ററും ക്യാച്ച്മെന്റ് ഏരിയ 117 സ്ക്വയർ കിലോമീറ്ററുമാണ്. അറബിക്കടലിൽ ചേരുന്ന സ്ഥലത്തിന് ഏകദേശം 6 കിലോമീറ്റർ മുകളിലായി കൂട്ടായി റെഗുലേറ്റർ നിലവിലുണ്ട്. ഇവിടെ നാവിഗേഷൻ വിഭാവന ചെയ്തിട്ടുണ്ട്. പതന ഘട്ടത്തിൽനിന്നും മുകൾഭാഗത്തേയ്ക്ക് 7 കിലോമീറ്റർ നീളം ഈ പുഴ

ദേശീയ ജലപാതയുടെ ഭാഗമാണ്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരമുള്ള കേരളത്തിലെ മലിനീകരിക്കപ്പെട്ട 21 പുഴകളുടെ പട്ടികയിൽ തിരൂർ പുഴയും ഉൾപ്പെട്ടിട്ടുണ്ട്. തിരൂർ-പൊന്നാനി പുഴയുടെ അവസ്ഥ 2013 വരെ വളരെ ശോചനീയമായിരുന്നു. തിരൂർ നഗരപ്രദേശമുൾപ്പെടുന്ന തലക്കടത്തൂർ മുതൽ താഴെപ്പാലം വരെയുള്ള ഭാഗങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി 2015 ഫെബ്രുവരി മാസത്തിൽ പൂർത്തിയാകുകയുണ്ടായി. ഇത് പുഴയുടെ സ്വാഭാവിക ഒഴുക്കിനെ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട്. മാലിന്യങ്ങൾ പുഴയിലേയ്ക്ക് തള്ളുന്നത് തടയാൻ കർശനമായ നിയമ നടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് തിരൂർപ്പുഴ അതിന്റെ ഗതകാല അവസ്ഥ വീണ്ടെടുക്കുന്നുണ്ട്. നിലവിൽ പുഴയിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ച് വിശദമായ പഠനം ആവശ്യമുണ്ട്. ആ പഠനം നടത്തി നിലവിൽ പുഴയിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് നീക്കം ചെയ്യുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

## 6. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

ശ്രീ. എ. പ്രഭാകരൻ: സർ, പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനം നമ്മുടെ രാജ്യത്തെതന്നെ തന്ത്രപ്രധാനമായ വ്യവസായങ്ങൾക്കുള്ള വിവിധയിനം വാൽവുകൾ ഉൽപ്പാദിപ്പിക്കുന്ന ഏക പൊതുമേഖലാസ്ഥാപനമാണ്. 1974-ലാണ് ഇത് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് ആരംഭിച്ചത്. രാജസ്ഥാനിലെ കോട്ടയിൽ കോർപ്പറേറ്റ് ഓഫീസുമായി കേന്ദ്ര ഘനവ്യവസായ വകുപ്പിനുകീഴിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. മാതൃസ്ഥാപനമായ കോട്ട യൂണിറ്റ് നഷ്ടത്തിലായതിന്റെ പേരിൽ അടച്ചുപൂട്ടാൻ തീരുമാനിക്കുന്നതിനോടൊപ്പം ആരംഭം മുതൽ നാളിതുവരെ ലാഭത്തിൽ പ്രവർത്തിച്ച പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനവും അടച്ചുപൂട്ടാൻ തീരുമാനിച്ചു. ഈ സ്ഥാപനം പൂട്ടുമെന്ന് ഉറപ്പായപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഒരു അഭിമാന സ്ഥാപനമെന്ന നിലയ്ക്ക് സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടു. മൂന്ന് വർഷത്തിലധികം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ ചർച്ചകൾ നടത്തിയതിന്റെ ഫലമായി 2018 നവംബർ മാസം 16-ാം തീയതി

സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു. പ്രസ്തുത കരാർ പ്രകാരം 3 മാസത്തിനകം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കണമെന്നാണ് കരാറിൽ പറഞ്ഞിരിക്കുന്നത്. ഈ ധാരണയ്ക്ക് വിരുദ്ധമായി വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സൗജന്യമായി വിട്ടുകൊടുത്ത സ്ഥലത്തിനുകൂടി വില വേണമെന്നാണ് ഇപ്പോൾ കേന്ദ്രം ആവശ്യപ്പെടുന്നത്. അതിന്റെ ഭാഗമായി കൈമാറ്റ നടപടികൾ മരവിക്കുകയാണുണ്ടായത്. സംസ്ഥാനത്ത് ഈ വ്യവസായം ആരംഭിക്കുന്നതിനായി 1964-ൽ 564 ഏക്കർ സ്ഥലമാണ് സൗജന്യമായി കൈമാറിയത്. ഇപ്പോൾ ഇൻസ്ട്രുമെന്റേഷൻ സ്ഥാപനം സ്ഥിതിചെയ്യുന്ന 122 ഏക്കർ സ്ഥലം മാത്രമാണുള്ളത്. ബാക്കിയുള്ള സ്ഥലം പല ആവശ്യത്തിനും പല ഘട്ടങ്ങളിലും കൊടുത്തു. 564 ഏക്കർ സ്ഥലത്തിന്റെയും വില വേണമെന്ന് കേന്ദ്രം ആവശ്യപ്പെടുകയാണ്. രാജ്യസഭയിൽ കഴിഞ്ഞയാഴ്ച സഖാവ് എളമരം കരീമിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട ഖനവ്യവസായ പൊതുമേഖലാസ്ഥാപന മന്ത്രി കൃഷ്ണൻ പാൽ ഗുർജാർ നൽകിയ മറുപടിയിൽ പല സ്ഥാപനങ്ങൾക്കും കൊടുത്ത സ്ഥലത്തിന്റെ വില

വേണമെന്ന് ആവശ്യപ്പെട്ടു. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കൈമാറിയ ഭൂമി തിരിച്ച് ഏറ്റെടുക്കുമ്പോൾ അതിന് പണം വേണമെന്ന് ആവശ്യപ്പെടുന്നത് അനീതിയാണ്. സ്ഥാപനം ഏതെങ്കിലും മുതലാളിമാരെ ഏൽപ്പിക്കാനുള്ള ഗൂഢതന്ത്രമാണ് ഇതിനിടയിൽ നടക്കുന്നത്. കോട്ടയിലെ നഷ്ടത്തിന്റെ പേരിൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട പാലക്കാട് ജില്ലയിലെ ഈ സ്ഥാപനത്തിലെ അഞ്ഞൂറോളം ജീവനക്കാർ അവിടെ ജോലിയെടുത്തുകൊണ്ടിരിക്കുകയാണ്, ഇപ്പോഴും ഈ സ്ഥാപനം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ 1997 മുതലുള്ള ശമ്പള പരിഷ്കരണവും പ്രമോഷനും ഉൾപ്പെടെയുള്ള കാര്യങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. കേന്ദ്രത്തിന്റെ അനാവശ്യവും യുക്തിരഹിതവുമായ ഇത്തരം വാദങ്ങൾ മറികടന്ന് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ഏറ്റെടുക്കുന്നതുമായി

ബന്ധപ്പെട്ട പ്രശ്നത്തിന്റെ വിശദാംശങ്ങളെല്ലാംതന്നെ ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ അവതരിപ്പിച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുകയെന്ന കേന്ദ്രസർക്കാർ നയത്തിന് വിരുദ്ധമായി പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുകയെന്ന നയം സംസ്ഥാന സർക്കാർ സ്വീകരിച്ചതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാനുള്ള സന്നദ്ധത സംസ്ഥാന സർക്കാർ അറിയിച്ചത്. പ്രസ്തുത നടപടിക്കായി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഡിപ്പാർട്ടുമെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസ് (Department of Heavy Industries, Government of India.) ഉൾപ്പെട്ടതും സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനുമായ ഒരു അപെക്സ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പലതവണ യോഗം ചേർന്നാണ് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയത്. ഇതിന് തുടർച്ചയായി ആസ്തികളുടെയും ബാദ്ധ്യതകളുടെയും മൂല്യനിർണ്ണയം നടത്തുന്നതിനായി Varma & Varma Chartered Accountants -നെ ഏൽപ്പിക്കുകയുണ്ടായി. അവർ ആദ്യം സമർപ്പിച്ച റിപ്പോർട്ടിൽ 43 കോടി രൂപയുടെ ആസ്തി തിട്ടപ്പെടുത്തിയിരുന്നു. എന്നാൽ നിർണ്ണയിക്കപ്പെട്ട തുക കേന്ദ്രസർക്കാരിന്

സ്വീകാര്യമല്ലാത്തതിനാലും ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിൽ കേന്ദ്രത്തിന് വിയോജിപ്പുള്ളതിനാലും വീണ്ടും മൂല്യനിർണ്ണയം നടത്തി 53.02 കോടി രൂപയായി പുനർനിർണ്ണയിച്ചു. മൂല്യനിർണ്ണയം കേന്ദ്രസർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ മൂല്യനിർണ്ണയം നടത്തിയത് 31.03.2017 -ന്റെ അടിസ്ഥാനത്തിലും സ്ഥാപനം ഏറ്റെടുത്തത് 30.09.2018 -ലും ആയതിനാൽ ഏറ്റെടുത്ത തീയതിയുടെ അടിസ്ഥാനത്തിൽ ആസ്തി-ബാദ്ധ്യതാ പുനർനിർണ്ണയത്തിന് ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ 16.11.2018 -ൽ കേരളത്തിന്റെ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയും Department of Heavy Industries, Government of India -ഉം തമ്മിൽ കരട് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. തുടർന്ന് കേന്ദ്രസർക്കാരിന്റെ ആവശ്യപ്രകാരം 27.03.2018 -ന് നടത്തിയ യോഗത്തിൽ സ്ഥലത്തിന്റെ വിലകൂടി ആസ്തികളുടെ മൂല്യത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചു. പ്രസ്തുത ആവശ്യം നേരത്തെ ഉന്നയിക്കാതിരുന്നതിനാലും 'Precision Instrumentation Limited Project ' പാലക്കാട് ആരംഭിക്കുന്നതിനുവേണ്ടി

1964 -ൽ സംസ്ഥാന സർക്കാർ ഭൂമി സൗജന്യമായാണ് കേന്ദ്രസർക്കാരിന് നൽകിയിരുന്നത് എന്നതിനാലും സ്ഥലവിലകൂടി ആസ്തിയുടെ മൂല്യത്തിൽ ഉൾപ്പെടുത്തുന്ന കാര്യം കേരള സർക്കാർ അംഗീകരിച്ചില്ല. സ്ഥാപനത്തിന്റെ ഓഡിറ്റ് ചെയ്ത കണക്കുകളിൽ സ്ഥലം പാട്ടഭൂമിയായും അതിന്റെ മൂല്യം ഒരു രൂപയുമായാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ കേന്ദ്രസർക്കാരിന്റെ യുക്തിരഹിതമായ ആവശ്യം അംഗീകരിക്കാൻ സാധിക്കുന്നതല്ല. ഈ വിഷയം Department of Heavy Industries, Government of India മുമ്പാകെ അവതരിപ്പിച്ച് ഭൂമി വില ഒഴികെയുള്ള മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് 09.07.2021 -ൽ കേന്ദ്ര കമ്പനികാര്യ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തോട് കേന്ദ്രസർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല.

7. ലിംഗമാറ്റ ശസ്ത്രക്രിയ

ശ്രീമതി ശാന്തകുമാരി കെ.: സർ, ലിംഗമാറ്റ ശസ്ത്രക്രിയയുടെ പ്രോട്ടോക്കോൾ ആവശ്യകതയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. കേരളത്തിൽ കഴിഞ്ഞ ഒരാഴ്ചയായി സോഷ്യൽ മീഡിയയിൽ

ഉൾപ്പെടെ പൊതുമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന, കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ റേഡിയോ ജോക്കിയും (RJ) ആകുറം ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വേങ്ങര നിയോജകമണ്ഡലത്തിൽനിന്നും Democratic Social Justice Party (DSJP) -യുടെ സ്ഥാനാർത്ഥിയായി നോമിനേഷൻ കൊടുക്കുകയും ചെയ്തു, കൊല്ലം ജില്ലയിലെ 28 വയസ്സുള്ള അനന്യകുമാരി അലക്സിന്റെ മരണവും അതേത്തുടർന്ന് ഉയർന്നുവന്ന ലിംഗമാറ്റ ശസ്ത്രക്രിയയിലെ മെഡിക്കൽ നെഗ്ലിജൻസും വാർത്തകളിൽ നിറഞ്ഞ് നിൽക്കുകയാണ്. 2020 ജൂൺ 14 -ന് കൊച്ചിയിലെ Renai Medicity എന്ന സ്വകാര്യ ആശുപത്രിയിൽ Sex Reassignment Surgery -യ്ക്ക് വിധേയമായ അനന്യകുമാരി കഴിഞ്ഞ ഒരു വർഷമായി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുവെന്നും ചികിത്സാ പിഴവുണ്ടെന്നും പരാതിപ്പെട്ടിരുന്നു. അക്കാര്യം അന്വേഷിക്കാൻ ചെന്നപ്പോൾ നേരിട്ട മർദ്ദനത്തിലും ഒപ്പം ശസ്ത്രക്രിയയുടെ വേദനയിലും പിടഞ്ഞപ്പോൾ ഡോക്ടർപോലും സേവനം ലഭ്യമാക്കിയില്ലെന്നും പ്രാഥമികകൃത്യനിർവ്വഹണം നടത്താനോ ചിരിക്കാനോ തുമ്മാൻപോലുമോ കഴിയാത്ത അവസ്ഥയിലാണ് താനെന്നുമുള്ള വിവരങ്ങൾ വീഡിയോയിലൂടെ പുറത്തുവിട്ടത് കേരളത്തിലെ

പൊതുസമൂഹവും ട്രാൻസ് കമ്മ്യൂണിറ്റിയും ഏറെ വേദനയോടെയാണ് ശ്രവിച്ചത്. ഇതിനെ ഒറ്റപ്പെട്ട ഒരു സംഭവമായി കാണരുത്. പ്രമുഖ ഇംഗ്ലീഷ് ദിനപത്രമായ 'THE HINDU' 2016 നവംബർ 22 -ന് റിപ്പോർട്ട് ചെയ്തത് കേരളത്തിൽ മുപ്പത്തയ്യായിരത്തിൽപ്പരം ട്രാൻസ്ജെൻഡേഴ്സ് ഉണ്ടെന്നാണ്. കേരളം ഒരു ട്രാൻസ്ജെൻഡർ പോളിസി സ്വീകരിച്ച സംസ്ഥാനമാണ്, 2014-15 -ൽ സമഗ്രമായ ട്രാൻസ്ജെൻഡർ സർവ്വേ നടത്തിയ ഒരു സംസ്ഥാനംകൂടിയാണ്. അതിന്റെയടിസ്ഥാനത്തിൽ 2018-ൽ യൂണിവേഴ്സിറ്റികളിൽ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകളിലേയ്ക്ക് 2 ശതമാനം സീറ്റ് പ്രസ്തുത കമ്മ്യൂണിറ്റിക്ക് നൽകിവരുന്നുണ്ട്. Meta Analysis of individual attendance in clinical services -ലെ ഏറ്റവും പുതിയ റിപ്പോർട്ടനുസരിച്ച് ഒരു ലക്ഷം ആളുകളെയെടുത്താൽ വ്യക്തിപരമായി ക്ലിനിക്കൽ സേവനം ഉപയോഗപ്പെടുത്തുന്നതിൽ ട്രാൻസ്ജെൻഡേഴ്സിന്റെ prevalence rate ലക്ഷത്തിൽ 4.6 -ആണ്. ഇതിൽത്തന്നെ 6.8 ശതമാനം Transwomen-ഉം 2.6 Transmen-ഉം ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലോകത്തിൽ ആദ്യമായി ലിംഗമാറ്റ ശസ്ത്രക്രിയ നടത്തി ട്രാൻസ്ജെൻഡർ വുമൺ ആയി മാറിയത്

1926 മെയ് 30 -ന് അമേരിക്കയിലെ Christine Jorgensen ആണ്. ഇത്തരം ജെൻഡർ ജനിറ്റിക്കൽ ഡിസോർഡർ ചരിത്രപരമായിത്തന്നെ സമൂഹത്തിലുണ്ടെന്നും തുടർന്നും ഇതുണ്ടാകുമെന്നും നാം പ്രതീക്ഷിക്കണം. തങ്ങളുടേതല്ലാത്ത കാരണത്താൽ ഒറ്റപ്പെടൽകൊണ്ടും അപകർഷതാ ബോധത്താലും ആക്രമിക്കപ്പെടുമോയെന്ന ഭയത്താലും ജീവിതം ഇരുട്ടിന്റെ മറവിലേയ്ക്ക് തള്ളി നീക്കപ്പെട്ടവരും പൊതുസമൂഹം ഇപ്പോഴും അവജ്ഞയോടെ  കാണുകയും ചെയ്യുന്ന ഈ വിഭാഗത്തിന്റെ തുല്യ അവകാശ ലഭ്യതയ്ക്കായി ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ച് ജില്ലകളിലടക്കം പ്രവർത്തിച്ചുവരുന്ന സംസ്ഥാനമാണ് കേരളം. തന്റെ അസ്ഥിത്വം തിരിച്ചറിയുമ്പോൾ പ്രതിബന്ധങ്ങളെയെല്ലാം തട്ടിമാറ്റി മനസ് ആഗ്രഹിക്കുന്നതുപോലെ ശരീരത്തെ പാകപ്പെടുത്തുന്നതിനായി ഭീമമായ സംഖ്യ സ്വരുക്കൂട്ടി ഇവർ ഇത്തരം സർജറിക്ക്  വിധേയരാകുകയാണ്. എന്നാൽ കടുത്ത വിവേചനം നേരിടുന്നതിന്റെയും ഒറ്റപ്പെടലിന്റെയും അന്തരീക്ഷത്തിൽ നിരവധി സ്വകാര്യ സ്ഥാപനങ്ങൾ കച്ചവടമാക്കി മാറ്റുന്ന ഒരു സർജറിയായി Sex Reassignment Surgery മാറിക്കൊണ്ടിരിക്കുന്നു. ഒരു ഉറപ്പോ സംരക്ഷണമോ ഇക്കാര്യത്തിൽ ഇവർക്കുണ്ടാകുന്നില്ലെന്നത് ഏറെ

വേദനാജനകമാണ്. ശാസ്ത്രം ഏറെ പുരോഗമിക്കുന്നതോടുകൂടി ഇത്തരം ചികിത്സാ രംഗത്തും വ്യക്തമായ മാറ്റങ്ങൾ അനിവാര്യമാണ്. ആയതിനാൽ വിദഗ്ദ്ധരായ സർക്കാർ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ മാത്രമേ Sex Reassignment Surgery നടത്താൻ പാടുള്ളൂവെന്ന നിഷ്കർഷ നാം കൊണ്ടുവരേണ്ടതുണ്ട്. കൂടാതെ, ഇതുസംബന്ധിച്ച് വ്യക്തമായ ഒരു പ്രോട്ടോക്കോൾ നിർണ്ണയിക്കേണ്ടതുണ്ടെന്നുമാണ് അനന്യയുടെ കേസ് പുറത്തുവരുമ്പോൾ മനസ്സിലാകുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മുമ്പോട്ടുപോകേണ്ടതായിട്ടുണ്ട്. മെഡിക്കൽ നെഗ്ലിജൻസ് എന്നുപറയുന്ന കുറ്റകരമായ അനാസ്ഥ സ്വകാര്യ ആശുപത്രികളിൽ നടക്കുകയാണ്. ഇതിനെതിരായി ശക്തമായ നിയമ നടപടികൾ ഉൾപ്പെടെ സ്വീകരിക്കേണ്ടതായിട്ടുണ്ട്. മാത്രമല്ല, ട്രാൻസ് കമ്മ്യൂണിറ്റി നമ്മുടെ സഹോദരങ്ങളാണെന്ന കാര്യത്തിൽ പൊതുസമൂഹത്തിന് അവബോധമുണ്ടാക്കാൻ തുടർന്നും നിരവധി പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാളിതുവരെ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച്

വിശദീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ട്രാൻസ്ജെൻഡർ വ്യക്തികൾ നമ്മുടെ സമൂഹത്തിൽ നാനാവിധമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. സാമൂഹ്യമായ ഒറ്റപ്പെടുത്തലുകളോടൊപ്പം ശാരീരികവും മാനസികവുമായ ഒട്ടേറെ പ്രശ്നങ്ങളും അവർ നേരിടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളാകെ തരണം ചെയ്യുന്നതിനാവശ്യമായ പിന്തുണ നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരള സംസ്ഥാനത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് പ്രോട്ടോക്കോൾ നിലവിലില്ല. സ്വകാര്യ മേഖലയിലെ ആശുപത്രികൾ മുഖേനയാണ് സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടന്നുവരുന്നത്. ചികിത്സാ രീതികൾ, ചികിത്സാ ചെലവ്, തുടർചികിത്സ, ഗുണനിലവാരം എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത മാനദണ്ഡം നിലവിലുള്ളതായി കാണുന്നില്ല. ഇത് ചില ട്രാൻസ്ജെൻഡർ വ്യക്തികളിൽ പലതരത്തിലുള്ള ആരോഗ്യ-മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈയിടെ അനന്യകുമാരി അലക്സ് എന്ന ട്രാൻസ്ജെൻഡർ വ്യക്തിയുടെ

ആത്മഹത്യയുമായി ബന്ധപ്പെട്ട് ലിംഗമാറ്റ ശസ്ത്രക്രിയയിലെ ചികിത്സാ പിഴവുകളടക്കം ആരോപിക്കപ്പെട്ട സാഹചര്യത്തിൽ ഈ വിഷയങ്ങൾ അടിയന്തര പ്രാധാന്യത്തോടെ അഭിസംബോധന ചെയ്യേണ്ടകാര്യം അനിവാര്യ ചുമതലയായി സർക്കാർ കാണുന്നു. അനന്യകുമാരിയുടെ ആത്മഹത്യയടക്കം ട്രാൻസ്ജെൻഡർ സമൂഹം അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ യോഗം അടിയന്തരമായി വിളിച്ചുചേർക്കുകയുണ്ടായി. ജൂലൈ 23-ന് സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ തീരുമാനിച്ചു. സർക്കാർ മേഖലയിൽ ഇത്തരം ശസ്ത്രക്രിയകളിൽ പ്രാവണ്യമുള്ള ഡോക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകി ശസ്ത്രക്രിയകൾ നടത്തുന്നത് സംബന്ധിച്ചും World Professional

Association for Transgender Health പുറത്തിറക്കിയിട്ടുള്ള സ്റ്റാൻഡേർഡ്സ് ഓഫ് കെയർ ഉൾപ്പെടെ പരിശോധിച്ച് ട്രാൻസ്ജെൻഡർ വിഭാഗത്തിന് അനുയോജ്യമായ രീതിയിൽ പ്രൊട്ടോക്കോൾ തയ്യാറാക്കുന്നതിന്റെ സാധ്യതകളും അതിൽ ഉൾപ്പെടുത്തേണ്ട പ്രധാന ഘടകങ്ങൾ സംബന്ധിച്ചും ട്രാൻസ്ജെൻഡർ വ്യക്തികളുടെ ലിംഗമാറ്റ ശസ്ത്രക്രിയകൾ, അനുബന്ധ ആരോഗ്യ സേവനങ്ങൾ തുടങ്ങിയവ ട്രാൻസ്ജെൻഡർ സമൂഹത്തിന് ഏറ്റവും അനുകൂലമായ രീതിയിൽ ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഈ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്താൻ ബോർഡ് യോഗം തീരുമാനിച്ചു. ആരോഗ്യ വിദഗ്ദ്ധർക്കൊപ്പം ട്രാൻസ്ജെൻഡർ പ്രതിനിധികളെയും ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു വ്യക്തിയെയുംകൂടി സമിതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. സമിതി ശിപാർശകൾ പരിശോധിച്ച് വിശദമായ പരിശോധനകൾക്കുശേഷം സർക്കാർ തുടർനടപടികൾ സ്വീകരിക്കും. ശാരീരികമായും മാനസികമായും സാമൂഹ്യമായും കൂടുതൽ കരുതൽ

ആവശ്യമായ വിഭാഗമെന്നുള്ള നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ചും ട്രാൻസ്ജെൻഡർ വ്യക്തികളെ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളുമായി ചർച്ചചെയ്ത് സർക്കാരിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ഈ യോഗത്തിൽ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. 2019-ലെ Transgender Persons (Protection of Rights) Act-ന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് കരട് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനും സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതികളിലും കരിക്കുലത്തിലും SOGIESC (Sexual Orientation and Gender Identity and Expression and Sex Characteristics) സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനായി ആ വിഷയം പരിശോധിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനോടും ഉന്നതവിദ്യാഭ്യാസ വകുപ്പിനോടും ആവശ്യപ്പെടുന്നതിനും ബോർഡ്

തീരുമാനിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകളിലും സീറ്റുകൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സംവരണം ചെയ്യുന്നതിനായും തീരുമാനിച്ചു. കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസ്ജെൻഡർ സൗഹൃദപരമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പാർശ്വവല്കരിക്കപ്പെട്ട ഒരു വിഭാഗമെന്ന നിലയിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഇതിനായി നിരവധി സേവനങ്ങളും പദ്ധതികളും ഇന്ന് നിലവിലുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം, സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി, ബോധവൽക്കരണ പരിപാടികൾ, സംരംഭകത്വ വികസന പരിശീലന പരിപാടി, ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്, ട്രാൻസ്ജെൻഡർ കെയർഹോം/സേഫ്റ്റി ഹോമുകൾ, സീറോ എച്ച്.ഐ.വി. സർവൈലൻസ് സെന്റർ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഹെൽപ്പ് ലൈൻ, ബ്യൂട്ടീഷൻ പരിശീലന പദ്ധതി, തയ്യൽ മെഷീൻ വിതരണ പദ്ധതി, ലിംഗമാറ്റ ശസ്ത്രക്രിയകൾക്കുള്ള ധനസഹായം (എസ്.ആർ.എസ്.), സ്വയംതൊഴിൽ ധനസഹായം, വനിതാ വികസന കോർപ്പറേഷൻവഴി

സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി, ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായപദ്ധതി, എസ്.ആർ.എസ്. കഴിഞ്ഞ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, ഡ്രൈവിംഗ് പരിശീലനം, ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തിന് ധനസഹായം നൽകുന്ന പദ്ധതി, കരിയർ ഡെവലപ്മെന്റ് പദ്ധതി, സഫലം പദ്ധതി തുടങ്ങിയവയാണ് ഈ പദ്ധതികൾ. അവ സമയബന്ധിതമായി നടപ്പിലാക്കി ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും അതുവഴി സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

കൂടാതെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായമായി 1000/- രൂപ വീതം 409 വ്യക്തികൾക്ക് അനുവദിച്ചു.

2. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഹോർമോൺ

ചികിത്സ തുടരാൻ കഴിയാതെ പോയ 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് 35000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

3. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന 1000 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ മുഖേന രണ്ട് ഘട്ടങ്ങളിലായി ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

4. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ താമസസൗകര്യം ലഭ്യമല്ലാതിരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംസ്ഥാനത്ത് CBO കളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഷെൽട്ടർ ഹോമുകളിൽ താമസ സൗകര്യം ഏർപ്പെടുത്തിയിരുന്നു.

8. ബേക്കൽ എയർ സ്ട്രിപ് പ്രോജക്ട്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർ സ്ട്രിപ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. അന്താരാഷ്ട്ര ടൂറിസം മാപ്പിൽ ഇടംപിടിച്ച ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് ബേക്കൽ കോട്ട. ടൂറിസം ഇന്റർനാഷണൽ സ്പോട്ടായ ബേക്കൽ കോട്ട സന്ദർശിക്കുന്നതിനായി വിദേശത്തുനിന്നും സ്വദേശത്തുനിന്നും

ആയിരക്കണക്കിന് ടൂറിസ്റ്റുകൾ ദിവസേന അവിടെ വരുമായിരുന്നു. കോവിഡ് കാലത്തുമാത്രമാണ് ഇവിടേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞത്. അതുകൊണ്ടുതന്നെ ഇവിടെയൊരു എയർ സ്ട്രിപ് സ്ഥാപിക്കണമെന്നുള്ള ആവശ്യം നേരത്തെ ഉയർന്നുവരുകയും അതിന്റെ അടിസ്ഥാനത്തിൽ 'in principle sanction' ലഭ്യമായിട്ടുമുണ്ട്. ഇതിനായി പെരിയ വില്ലേജിൽ 80.41 ഏക്കർസ്ഥലം കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ഇത് യാഥാർത്ഥ്യമായാൽ മംഗലാപുരം, ബാംഗ്ലൂർ, കണ്ണൂർ എന്നീ മൂന്ന് എയർപോർട്ടുകളിലേയ്ക്കുള്ള ഒരു കണക്ടിവിറ്റിയായി ഇതുമാറുകയും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ഒരു കേന്ദ്രമായി ബേക്കൽ കോട്ട മാറുകയും ചെയ്യും. ഈ പ്രോജക്ട് നടപ്പിലാക്കേണ്ടത് കാസർഗോഡ് ജില്ലയിലെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ കേന്ദ്ര വ്യോമയാന മന്ത്രാലയം അംഗീകാരം നൽകുന്നതിന് ചില ക്വറികളിട്ട് തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. ചില തൽപ്പരകക്ഷികൾക്ക് ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിൽ എതിർപ്പുണ്ടോയെന്ന് പറയാൻ കഴിയുന്ന നിലയിലാണ് കാര്യങ്ങളുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവശ്യമായ

എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ബേക്കൽ എയർ സ്ട്രിപ് പ്രോജക്ട് നടപ്പിലാക്കുന്നതിന് അടിയന്തരമായി ഇടപെടുകയും ആവശ്യമായ തീരുമാനമെടുക്കുകയും പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ എക്സ്റ്റന്റ് ചെയ്യാൻ നമുക്ക് ഏറ്റവും സാധ്യതയുള്ള മലബാറിലെ ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽ എയർ സ്ട്രിപ് യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർ സ്ട്രിപ് നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരം നല്കിയിരുന്നു. 18-01-2018-ന് ബഹുമാനപ്പെട്ട മുൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ B.R.D.C.(Bakel Resorts Development Corporation) കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനായി 28

കോടി രൂപയോളം ആവശ്യമായി വരുമെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എയർ സ്ട്രിപ്പ് പദ്ധതിക്കായി ഗതാഗത വകുപ്പിന്റെ 07-08-2018-ലെ ഉത്തരവ് പ്രകാരം ഏവിയേഷൻ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, കാസർഗോഡ് ജില്ലാ കളക്ടർ, B.R.D.C.-യുടെ മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പിന്റെ പ്രതിനിധി, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചു. ഇവിടെ വിമാനത്താവളം പ്രായോഗികമല്ല. കാരണം മംഗലാപുരം, കണ്ണൂർ എന്നീ എയർപോർട്ടുകളിൽനിന്നും ബേക്കലിലേയ്ക്ക് യാത്ര ചെയ്യാനാവശ്യമായ സമയം ഏകദേശം രണ്ട് മണിക്കൂർ മാത്രമേയുള്ളൂ. അതുകൊണ്ട് പൂർണ്ണതോതിലുള്ള വിമാനത്താവളം നടപ്പിലാക്കുകയെന്നത് പ്രായോഗികമല്ലായെന്ന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ എട്ട് മുതൽ പത്ത് സീറ്റുകൾ വരെയുള്ള ഒരു വൺ എഞ്ചിൻ എയർ വാൻ നമ്മുടെ സംസ്ഥാനത്ത് ഒൻപത് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ കണക്ട് ചെയ്തുകൊണ്ട് സർവ്വീസ് നടത്തുന്നതിനുള്ള പദ്ധതിയാണ് വിഭാവന ചെയ്തിരുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കാനാണ്

ഉദ്ദേശിക്കുന്നത്. ഇതിന് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ഈ പദ്ധതിക്ക് കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ പെരിയ വില്ലേജിൽ 80 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 54 ഏക്കർ സർക്കാർ ഭൂമിയും 26 ഏക്കർ സ്വകാര്യ ഭൂമിയുമാണ്. ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ (ഇ.ടി.എസ്.) സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സാമൂഹികാഘാതപഠനവും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ എല്ലാ പ്രായോഗിക വശങ്ങളും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നു. ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതി നിർദ്ദിഷ്ട എയർ സ്ട്രിപ്പിനായി ബേക്കലിൽ തെരഞ്ഞെടുത്തിരിക്കുന്ന ഭൂമി ഈ ആവശ്യത്തിന് ഉതകുന്നതാണോയെന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ മഹീന്ദ്ര ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ട മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഗതാഗതവകുപ്പ് കാസർഗോഡ് ജില്ലാകളക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് വിശദമായ പരിശോധനകൾക്കുശേഷം സാധ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലെ സാഹചര്യത്തിൽ ബി.ആർ.ഡി.സി.-യെ

നിർദ്ദിഷ്ട എയർ സ്ലിപ് പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയമിക്കാവുന്നതാണോ എന്ന വിഷയത്തിൽ വിശദമായ ചർച്ചകൾ നടത്തിയതിനുശേഷം തീരുമാനമെടുക്കുന്നതാണ്. ടൂറിസവുമായി ബന്ധപ്പെട്ട Lonely Planet എന്ന ലോക പ്രശസ്ത സ്ഥാപനം ലോകത്തിലെ പത്ത് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി കണ്ടെത്തിയിട്ടുള്ളതിൽ ഒന്ന് മലബാറാണ്. ആ നിലയിൽ അതിന്റേതായ പ്രാധാന്യത്തോടുകൂടി ഇക്കാര്യം വകുപ്പ് പരിശോധിക്കുന്നതാണ്.

9. <u>ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, എന്റെ നിയോജക മണ്ഡലമായ മങ്കടയിലെ മൂന്ന് ബൈപ്പാസുകളുടെ നിർമ്മാണം ദീർഘകാലമായി ഇഴഞ്ഞുനീങ്ങുകയാണ്. അതിൽ ഒന്നാമത്തേതാണ് ഓരോടംപാലം - മാനത്തുമംഗലം ബൈപ്പാസ്. അങ്ങ് അവിടെവന്ന് ഇത് കണ്ടതാണ്. അങ്ങാടിപ്പുറം - പെരിന്തൽമണ്ണ ടൗണിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് പൊതുജനങ്ങൾക്ക് വളരെയധികം യാത്രാക്ലേശമാണ് വർഷങ്ങളായി സൃഷ്ടിക്കുന്നത്. മങ്കട – പെരിന്തൽമണ്ണ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഓരോടംപാലം - മാനത്തുമംഗലം ബൈപ്പാസ്

പൂർത്തിയായാൽ അങ്ങാടിപ്പുറത്തെയും പെരിന്തൽമണ്ണയിലെയും ഗതാഗതക്കുരുക്കിന് പരിഹാരമാകുമെന്നാണ് കരുതപ്പെടുന്നത്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങളിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഒരു നടപടിയും ഇതുവരെയും ആരംഭിച്ചിട്ടില്ല. റെയിൽവേയുടെ ഡിസൈൻ ഇതുവരെ ലഭ്യമായിട്ടില്ല. റെയിൽവേയുമായി ബന്ധപ്പെട്ട തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. രണ്ടാമത്തേതാണ് ഓരോടംപാലം - വൈലോങ്ങര ബൈപ്പാസ്. എല്ലാ കാര്യങ്ങളും പൂർത്തിയായെങ്കിലും വർക്ക് തുടങ്ങിയിട്ടില്ല. 2016-2017-ലെ ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയാണ് ഓരോടംപാലം - വൈലോങ്ങര ബൈപ്പാസ്. ഇതിന്റെ നിർമ്മാണത്തിന് 12.76 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തിക്ക് 25-04-2018-ൽ കിഫ്ബി ബോർഡ് ധനാനുമതിയും നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള അലൈൻമെന്റിന്റെ ഭാഗമായി സർവ്വേക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല. പ്രവൃത്തികൾ ഒച്ചിന്റെ

വേഗതയിലാണ് നീങ്ങുന്നത്. മൂന്നാമത്തേത്, മക്കരപറമ്പ് ബൈപ്പാസ് - ഇതിന് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് പത്തുകോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നു. കിറ്റ്കോ സർവ്വേ നടപടികൾ നടത്തി ഡിജിറ്റലൈസ് ചെയ്ത അലൈൻമെന്റ് തയ്യാറാക്കി 03-12-2019-ൽ കേന്ദ്ര സർക്കാരിലേയ്ക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായിട്ടും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലെന്നാണറിയുന്നത്. ഈ സാഹചര്യത്തിൽ അലൈൻമെന്റിന് അംഗീകാരം നേടിയെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാരിന്റെ ഉന്നതതല ഇടപെടൽ ആവശ്യമാണ്. ദീർഘകാലമായി പുരോഗതി കൈവരിച്ചിട്ടില്ലാത്ത ഈ മൂന്ന് പദ്ധതികളും സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം. ഈ വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ഒരു ചർച്ച ഈ നിയമസഭാ സമ്മേളനകാലത്ത് വയ്ക്കുകയാണെങ്കിൽ നന്നായിരുന്നു. അതിന് അങ്ങ് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത് മൂന്ന്

ബൈപ്പാസുകളുമായി ബന്ധപ്പെട്ട വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. അതിൽ ഒന്ന്, ഓരോടംപാലം - മാനത്തുമംഗലം ബൈപ്പാസാണ്. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ – മാനത്തുമംഗലം ബൈപ്പാസ് റോഡിൽ അങ്ങാടിപ്പുറം ലെവൽക്രോസ് റെയിൽവേ മേൽപ്പാലത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 10,16,23,800/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു. ബൈപ്പാസ് നിർമ്മാണത്തിൽ നിലമ്പൂർ - ഷൊർണ്ണൂർ പാതയെ ക്രോസ് ചെയ്ത് ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കണം. റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള പി.&ഇ. ചാർജ്ജ് ഇനത്തിൽ 16,23,800/- രൂപ സതേൺ റെയിൽവേയ്ക്ക് അടച്ചിട്ടുള്ളതാണ്. റെയിൽവേയുടെ ജി.എ.ഡി. അപ്രൂവൽ ലഭിച്ചതിനുശേഷം മാത്രമേ മറ്റ് അനുബന്ധ രൂപരേഖകൾ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അങ്ങാടിപ്പുറം-പെരിന്തൽമണ്ണ വില്ലേജ് ഓഫീസുകളിൽനിന്നും സർവ്വേ സ്കെച്ചുകൾ ശേഖരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥനാപത്രം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 2013-നുശേഷമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ്

സഹിതം ലഭ്യമാക്കുവാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചതനുസരിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

രണ്ടാമത്തേത് ഓരോടംപാലം - വൈലോങ്ങര ബൈപ്പാസാണ്. മലപ്പുറം ജില്ലയിലെ ഓരോടംപാലം - വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി RBDCK (Roads and Bridges Development Corporation of Kerala)-യെ എസ്.പി.വി. ആയി നിയമിച്ചു. പ്രസ്തുത പദ്ധതിയുടെ കൺസൾട്ടൻസിയായ കിറ്റ്കോ നൽകിയ അലൈൻമെന്റ് RBDCK അംഗീകരിച്ചു. തുടർന്ന് അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ DPR (Detailed Project Report) തയ്യാറാക്കി കിഫ്ബിയിൽ നൽകുകയും 12.62 കോടി രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചപ്പോൾ ഏതാനും ഭൂവുടമകൾ പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് തടസ്സപ്പെടുത്തി. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും മലപ്പുറം ജില്ലാകളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ

പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച് പദ്ധതി നടപ്പിലാക്കുവാൻ ജനപ്രതിനിധി എന്ന നിലയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഇടപെടൽകൂടി അഭ്യർത്ഥിക്കുകയാണ്. അതിന് ഏതുനിലയിലുള്ള സഹായവും വകുപ്പ് എന്നുള്ള നിലയിൽ ചെയ്യാവുന്നതാണ്.

മൂന്നാമത് ഇവിടെ ഉന്നയിച്ചിട്ടുള്ളത് മക്കരപ്പറമ്പ് ബൈപ്പാസാണ്. ദേശീയപാത-966 ഭാരത്മാല പരിയോജനയിലുൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന നാല്/ആറുവരി പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്. 966-ന്റെ ഭാഗമായ പാലക്കാട്- കോഴിക്കോട് ഭാഗം വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുള്ളതും ഇതിലേയ്ക്കായി പുതിയ ഗ്രീൻ ഫീൽഡ് അലൈൻമെന്റ് അംഗീകരിച്ചിട്ടുള്ളതുമാണ്. നിലവിലുള്ള NH-966-ൽ ഉൾപ്പെടുന്ന ടൗണുകളിലൊന്നിലും ബൈപ്പാസുകൾ നിർമ്മിക്കുന്നില്ലെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്. ഇവിടെ

ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള യോഗത്തിന്റെ കാര്യം തീർച്ചയായും നമുക്ക് പരിഗണിക്കാവുന്നതാണ്.

10. മുൻഗണനാ റേഷൻകാർഡ്

ശ്രീ. പി. എസ്. സുപാൽ: സർ, ശക്തമായ പൊതുവിതരണ സംവിധാനം നിലനിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. പൊതുവിതരണ സംവിധാനത്തെ തകർക്കുന്ന നിലപാടാണ് ഇപ്പോഴും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മുൻഗണനാ വിഭാഗത്തിലുള്ളവരുടെ കാർഡുകളുടെ എണ്ണം ഗണ്യമായി വെട്ടിച്ചുരുക്കുന്ന നിലപാട് കേന്ദ്രഗവൺമെന്റ് മുമ്പ് സ്വീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അർഹരായിട്ടുള്ള പല ആളുകൾക്കും മുൻഗണന കാർഡ് നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് അനർഹരായിട്ടുള്ള പലരും മുൻഗണനാകാർഡ് കൈവശം വയ്ക്കുമ്പോൾ അർഹരായ പാവപ്പെട്ട പലർക്കും മുൻഗണനാ കാർഡ് ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ അവരുടെ റേഷൻ വിഹിതത്തിൽ കുറവുണ്ടാകുന്നു. ചികിത്സാ ആവശ്യങ്ങൾക്ക് പരിഗണന കിട്ടാതെ വരുന്ന സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെടുകയും അർഹതപ്പെട്ട മുഴുവൻ

ആളുകൾക്കും മുൻഗണനാ കാർഡിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുംവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ധാരാളം അപേക്ഷകളാണ് ഇത്തരത്തിൽ വന്നുകൊണ്ടിരിക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് നമുക്കറിയാം. അങ്ങനെ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ഇത് ലഭ്യമാക്കേണ്ടതുണ്ട്. അർഹരായ മുഴുവൻ ആളുകൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് അടിയന്തരപ്രാധാന്യമുള്ള വിഷയമാണ്. അനർഹമായി മുൻഗണനാകാർഡുകൾ കൈവശം വച്ചിട്ടുള്ളവരെ പ്രസ്തുത പട്ടികയിൽ നിന്നൊഴിവാക്കിയാൽ മാത്രമേ അർഹതയുള്ള കുടുംബങ്ങൾക്ക് മുൻഗണനാ കാർഡുകൾ നൽകാൻ കഴിയൂ. ഇതിന്റെ അടിസ്ഥാനത്തിലാണ് അനർഹമായി കാർഡുകൾ കൈവശംവച്ചുവരുന്നവരോട് ആയത് സ്വമേധയാ തിരിച്ചേൽപ്പിക്കണമെന്ന അഭ്യർത്ഥന നടത്തിയത്. അനുവദിക്കപ്പെട്ട കാലയളവിനുള്ളിൽ (15-07-2021) കാർഡുകൾ തിരിച്ചേൽപ്പിക്കുന്നവരെ നിലവിലുള്ള

ശിക്ഷാനടപടികളിൽനിന്നും പൂർണ്ണമായും ഒഴിവാക്കുമെന്നും അറിയിപ്പ് നൽകിയിരുന്നു. ഈ അഭ്യർത്ഥനയ്ക്ക് പൊതുസമൂഹത്തിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. ഒന്നേകാൽ ലക്ഷത്തോളം കാർഡുകളാണ് ഈ കാലയളവിൽ സ്വമേധയാ തിരിച്ചേൽപ്പിക്കപ്പെട്ടത്. എ.എ.വൈ. കാർഡ് - മഞ്ഞ നിറത്തിലുള്ളത് 10018, പി.എച്ച്.എച്ച്. കാർഡ് - പിങ്ക് നിറത്തിലുള്ളത് 64761, എൻ.പി.എസ്. കാർഡുകൾ നീല നിറത്തിലുള്ളത് - 48775. അങ്ങനെ 123554 കാർഡുകൾ തിരികെ ലഭിക്കുകയുണ്ടായി. മുൻഗണനാ പട്ടികയിലുൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധിപേർ അപേക്ഷ നൽകിയിട്ടുണ്ട്. മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിച്ചതിലൂടെ വന്നിട്ടുള്ള ഒഴിവുകളിലേയ്ക്ക് അർഹരായവരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മുൻഗണനാ കാർഡുകൾ വിതരണം ചെയ്യുന്ന ഘട്ടത്തിൽ ഗുരുതരമായ രോഗം ബാധിച്ച് ദീർഘനാളത്തെ ചികിത്സ ആവശ്യമായിവരുന്ന അപേക്ഷകർക്ക് പ്രത്യേക പരിഗണന നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ കൂടുതൽ ആനുകൂല്യത്തിന് അർഹതയുള്ള അന്ത്യോദയ അന്നയോജന (AAY) കാർഡുകളുടെ വിതരണം

ആഗസ്റ്റ് 30-ഓടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി പ്രയോറിറ്റി ഹൗസ് ഹോൾഡേഴ്സ് (PHH) വിഭാഗത്തിലുണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് അർഹതപ്പെട്ടവരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകുവാനും ഉദ്ദേശിക്കുന്നുണ്ട്.